"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം ചങ്ങൻ കുളങ്ങര എസ്.ആർ.വി.യു.പി.എസ്.-ലെ യു.പി.എസ്.ടി. ശ്രീമതി വിനീത എസ്. ഫയൽ ചെയ്ത WP(C)No.5653/2022കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 4.4.2022-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.5719/2022/GEDN തീയതി,തിരുവനന്തപുരം, 01-10-2022

---

പരാമർശം:-

1.കൊല്ലം ചങ്ങൻകുളങ്ങര എസ്.ആർ.വി.യു.പി.എസ്. മാനേജർ സമർപ്പിച്ച 25.10.2021-ലെ ഹർജി (എക്സിബിറ്റ് പി 6 )

2.ശ്രീമതി വിനീത എസ്. ഫയൽ ചെയ്ത WP(C)No.5653/2022 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 4.4.2022-ലെ വിധിന്യായം

3. കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 5.7.2022-ലെ C/538/2022 നമ്പർ കത്ത്

4.കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15.7.2022-ലെ DDEKLM/925/2022/B2 നമ്പർ കത്ത്

5.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.7.2022-ലെ F4/9891/2022/DGE നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ചങ്ങൻകുളങ്ങര എസ്.ആർ.വി.യു.പി.എസ്.-ലെ യു.പി.എസ്.ടി. ശ്രീമതി വിനീത എസ്. ഫയൽ ചെയ്ത WP(C)No.5653/2022 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 4.4.2022-ലെ വിധിന്യായത്തിൽ മാനേജർ സമർപ്പിച്ച Ext P6 റിവിഷൻ ഹർജി, ഹർജിക്കാരിയെയും മാനേജരെയും നേരിൽ കേട്ട് തീർപ്പാക്കുവാൻ കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയതു പ്രകാരം 16/07/2022-ൽ ബന്ധപ്പെട്ടവരെ ഗൂഗിൾമീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) **<u>ഹർജിക്കാരിയായ ശ്രീമതി വിനീത.എസ്., മാനേജർ എന്നിവരുടെ വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.</u>**

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട ചങ്ങൻ കുളങ്ങര S.R.V.U.P.S-ലെ യു.പി.എസ്.റ്റി ആയിരുന്ന ശ്രീ.നിസ്സാർ മുഹമ്മദ് 31.03.2019-ൽ പെൻഷനായതുമൂലം ഉണ്ടായ ഒഴിവിൽ 06.06.2019 മുതൽ യു.പി.എസ്.റ്റി ആയി നിയമിക്കപ്പെട്ടുകയും നിയമനം അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ 'സമന്വയ' വഴി യഥാസമയം സമർപ്പിക്കുകയും ചെയ്തു. എന്നാൽ ടി നിയമനം കരുനാഗപ്പള്ളി എ.ഇ.ഒ. യുടെ 03.09.2019-ലെ സി/7915/219-നമ്പർ നടപടി ഉത്തരവു വഴി നിരസിച്ചു. കെ.ഇ.ആർ അധ്യയം X X I ചട്ടം 7 (2) പ്രകാരം അധിക തസ്തിക നിയമനങ്ങൾ സംരക്ഷിതാദ്ധ്യാപക ലിസ്റ്റിൽ നിന്നും 1:1 അനുപാതം പാലിച്ച് നടത്തണമെന്ന നിയമം മാനേജർ പാലിച്ചിട്ടില്ലാത്തതിനാൽ ടി നിയമനം അനുവദിക്കാനാകില്ല എന്ന കാരണമാണ് നിയമനം നിരസിക്കുന്നതിന് എ.ഇ.ഒ പറഞ്ഞിരിക്കുന്നത്.

ടി ഉത്തരവിനെതിരെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപ്പീൽ നൽകി. ടി അപ്പീൽ 29.02.2020-ലെ B1/190158/2019-നമ്പർ നടപടി ഉത്തരവു പ്രകാരം കൊല്ലം ഡി.ഇ.ഒ നിരസിച്ചു. അപ്പീൽ നിരസിക്കുന്നതിന് കൊല്ലം ഡി.ഇ.ഒ ഉന്നയിച്ചിരിക്കുന്ന കാരണങ്ങൾ ചുവടെ നൽകുന്നു.

“2017-2018 വർഷം സ്കൂളിലുണ്ടായ അധിക തസ്തികയിലേക്ക് തിരികെ വിളിച്ച് നിയമിക്കപ്പെട്ട സംരക്ഷിതാധ്യാപിക ശ്രീമതി.ജയശ്രീയെ ശ്രീമാൻ നിസ്സാർ മുഹമ്മദിന്റെ പെൻഷൻ ഒഴിവിലേക്ക് മാറ്റി നിയമിച്ചതിനാൽ ശ്രീമതി.എസ്.വിനീതയുടെ നിയമനം അധിക തസ്തികയിലാണ്. അധിക തസ്തികയിലെ നിയമനം 1:1 പാലിച്ചു നടത്തണമെന്ന നിയമം മാനേജർ പാലിച്ചിട്ടില്ല "

ഡി.ഇ.ഒ യുടെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയ അപ്പീൽ പരിഗണിച്ച് നൽകിയ 13.10.2021-ലെ F4/234449/2021-നമ്പർ ഉത്തരവ് പ്രകാരം 06.02.2021-ലെ സ.ഉ(അച്ചടി)നം.04/2021/പൊ.വി.വ പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന പക്ഷം ശ്രീമതി.എ. വിനീതയുടെ 06.06.2019 മുതലുള്ള അധിക തസ്തികയിലെ നിയമനം പുന:പരിശോധിക്കാൻ കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകി.

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 13.10.2021-ലെ നടപടി ഉത്തരവിനെതിരെയാണ് ഗവൺമെന്റിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചതും, അതിന്മേലുള്ള തീരുമാനം വേഗത്തിലെടുക്കുന്നതിനായി WP (C) 5653/2022 ഫയൽ ചെയ്തതും, അതിന്മേൽ 04.04.2022-ൽ വിധി ഉണ്ടായിട്ടുള്ളതും. ചങ്ങൻകുളങ്ങര SRV UPS-ൽ 2017-18 വർഷം 03 അധിക തസ്തികകൾ അനുവദിച്ചു നൽകിയിരുന്നു. ടി അധിക തസ്തികകളിൽ സ്കൂളിലെ സംരക്ഷിതാദ്ധ്യപകരായിരുന്ന നിസ്സാർ മുഹമ്മദ്, ജയശ്രീ, കൃഷ്ണകുമാർ എന്നീ മൂന്നു യു.പി.എസ്.റ്റി മാരെ തിരികെ വിളിച്ച് നിയമിച്ചു.

2018-19 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ഒരു യു.പി.എസ്.ടി തസ്തിക കുറഞ്ഞു. അതേ സമയം സിന്ധു എസ്. എന്ന യു.പി.എസ്.റ്റി.യ്ക്ക് പ്രഥമാദ്ധ്യാപികയായി പ്രൊമോഷൻ ലഭിച്ചതുമൂലം ഉണ്ടായ ഒഴിവിൽ കഴിഞ്ഞ വർഷം തിരികെ വിളിച്ച ശ്രീ.നിസ്സാർ മുഹമ്മദ്-നെ നിലനിറുത്തിയതിനാൽ ഒരു UPST തസ്തിക കുറഞ്ഞെങ്കിലും ആരും പുറത്തുപോകേണ്ടി വന്നില്ല. ഇപ്രകാരം ശ്രീമതി

സിസ്ഡു.എസ് ന്റെ പ്രൊമോഷൻ ഒഴിവിൽ 2018-19 വർഷം നിലനിന്ന ശ്രീ.നിസ്സാർ മുഹമ്മദ് 31.03.2019-ൽ പെൻഷനായി. ടി പെൻഷൻ ഒഴിവിലാണ് 06.06.2019 മുതൽ ശ്രീമതി വിനീത നിയമിക്കപ്പെട്ടത്.

2019-2020-ലെ തസ്തിക നിർണയ ഉത്തരവ് എ.ഇ.ഒ പുറപ്പെടുവിക്കുന്നത് 16.07.2019-ലെ C/46218/19- നമ്പർ ഉത്തരവു പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം ഒരു അധിക യു.പി.എസ്.റ്റി തസ്തിക 2019-2020 വർഷം അനുവദിച്ചു നൽകി. 31.03.2019-ൽ പെൻഷനായ ശ്രീ നിസ്സാർ മുഹമ്മദിന്റെ ഒഴിവിൽ 2017-2018 വർഷം ഉണ്ടായ അധിക തസ്തികയിൽ തിരികെ വിളിച്ചു നിയമിച്ച ശ്രീമതി.ജയശ്രീയെ മാറ്റി നിയമിച്ചു എന്നു പറഞ്ഞിരിക്കുന്നു. അപ്രകാരം ശ്രീമതി.ജയശ്രീയെ മാറ്റി നിയമിച്ചതായി മാനേജരോ എ.ഇ.ഒ യോ ഉത്തരവിറക്കിയിട്ടില്ല. മാത്രമല്ല, അപ്രകാരമൊരു മാറ്റി നിയമനത്തിന്റെ ആവശ്യകത എന്തെന്ന് വ്യക്തമാക്കിയിട്ടുമില്ല.

03.12.2016-ലെ G.O(P) No.199/2016/GEdn. പ്രകാരം കെ.ഇ.ആർ അധ്യായം XXI 7(2)-ന് വരുത്തിയ ഭേദഗതി പ്രകാരം അധിക തസ്തികകളിൽ അധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിതാദ്ധ്യാപകരെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടുകൂടി നിയമിക്കണം എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്.

ടീച്ചേഴ്സ് ബാങ്കിൽ നിന്നല്ലാതെയുള്ള നിയമനം 1:1 പാലിച്ചായിരിക്കണമെന്നും ടി ഉത്തരവിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം അധിക തസ്തികകളിൽ തിരികെ വിളിച്ചു നിയമിക്കുന്ന സംരക്ഷിതാദ്ധ്യപകരെ പിന്നീട് സ്കൂളിലുണ്ടാകുന്ന മറ്റ് റെഗുലർ ഒഴിവുകളിൽ മാറ്റി നിയമിക്കണമെന്ന് 03.12.16-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥയില്ല. അപ്രകാരം മാറ്റി നിയമിക്കേണ്ട കാര്യമേ ഇല്ലായെന്ന് ഗവൺമെന്റും പൊതുവിദ്യാഭ്യാസ ഡയറക്ടറും പല ഉത്തരവുകളിലൂടെയും വ്യക്തമാക്കിയിട്ടുള്ളതാണ്.

അധിക തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 28.02.2019-ലെ GO (P) 03/2019/GEdn നമ്പർ സർക്കാർ ഉത്തരവിലോ 08.03.2019-ലെ ജെ2/57/2019/പൊ.വി.വ നമ്പർ സർക്കാർ സർക്കുലറിലോ അധിക തസ്തികകളിലേക്ക് തിരികെ വിളിച്ച് നിയമിച്ചിട്ടുള്ള അധ്യാപകരെ പിന്നീടുണ്ടാകുന്ന (രാജി, പ്രൊമോഷൻ, പെൻഷൻ, മരണം എന്നിവ മൂലം) റഗുലർ ഒഴിവുകളിലേക്ക് മാറ്റി നിയമിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

മാത്രമല്ല അധിക തസ്തികകളും മറ്റ് റെഗുലർ തസ്തികകളെ പോലെ 'Permanent' ആണെന്ന് 31.03.2021-ലെ സ.ഉ (കൈ) നം.136/2021/പൊ.വിവ നമ്പർ സർക്കാർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി.വിനീതയുടെ നിയമനം 06.06.2019 മുതൽ ശ്രീ.നിസ്സാർ മുഹമ്മദ് -ന്റെ പെൻഷൻ ഒഴിവിലേക്കാണ്. ടി ഒഴിവ് വ്യവസ്ഥാപിതമായി അന്നു മുതൽ നിലനിൽക്കുന്നു. 2019-20 വർഷം ഒരു അധിക യു.പി.എസ്.റ്റി തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും ടി തസ്തികയ്ക്ക് 15.07.2019 മുതൽ മാത്രമാണ് പ്രാബല്യം. 2019-20 വർഷം തസ്തിക കുറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ തസ്തിക

നഷ്ടപ്പെടുന്നതുമൂലം ശ്രീമതി.ജയശ്രീയെ ശ്രീ.നിസ്സാർ മുഹമ്മദ്-ന്റെ പെൻഷൻ ഒഴിവിൽ നിലനിറുത്തേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല.

3) <u>വിദ്യാഭ്യാസ ഓഫീസർമാരുടെ വാദമുഖങ്ങൾ താഴെപ്പറയും പ്രകാരമാണ്.</u>

കരുനാഗപ്പള്ളി ചങ്ങൻകുളങ്ങര എസ്.ആർ.വി.യു.പി.എസിൽ 2016-2017 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അധികമായി അനുവദിക്കപ്പെട്ടത് 3 തസ്തികകൾ (2 UPST, 1 LPST) ആണ്. മുൻ വർഷങ്ങളിൽ ടി സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് സംരക്ഷണാനുകൂല്യത്തിൽ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യസിച്ചിരുന്ന അധ്യാപകരായിരുന്ന

1. ശ്രീ.നിസാർ മുഹമ്മദ്, യു.പി.എസ്.റ്റി
2. ശ്രീമതി.ഷീജ ഉമ്മൻ,എൽ.പി.എെസ്.റ്റി
3. ശ്രീമതി.ജയശ്രീ, യു.പി.എസ്.റ്റി
4. ശ്രീ.കൃഷ്ണകുമാർ, യു.പി.എസ്.റ്റി
5. ശ്രീ.ബെന്നി എസ്, എൽ.പി.എസ്.റ്റി

എന്നിവരെ ടി സ്കൂളിൽ 2016-2017 മുതൽ അനുവദിച്ച അധിക തസ്കികകളിലും ഹെഡ് ടീച്ചർ ഒഴിവിലുമായി തിരികെ വിളിച്ച് നിയമിച്ചിട്ടുണ്ട്. 2016-2017 വർഷത്തെ തസ്തിക നിർണയം പ്രകാരമുള്ള അധിക തസ്തികയിൽ ശ്രീ.നിസാർ മുഹമ്മദിനെ നിലനിർത്തി. 31.03.2018-ലെ പ്രസ്തുത സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ വിരമിക്കൽ ഒഴിവിൽ സീനിയർ യു.പി.എസ്.റ്റി ആയ ശ്രീമതി.സിന്ധു എസ്.ന് സ്ഥാനകയറ്റം നൽകിയത് മൂലമുണ്ടായ ഒഴിവിൽ അധിക തസ്തികയിൽ നിലനിർത്തിയിരുന്ന ശ്രീ. നിസാർ മുഹമ്മദിനെ ക്രമപ്പെടുത്തി കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകി. ശ്രീ.നിസ്സാർ മുഹമ്മദ് 31.03.2019-ൽ വിരമിച്ചതിനാൽ പ്രസ്തുത ഒഴിവിലേയ്ക്ക് അധിക തസ്തികയിൽ നിലനിന്നിരുന്ന സീനിയർ യു.പി.എസ്.റ്റി ശ്രീമതി. ജയശ്രീയെ ക്രമപ്പെടുത്തിയും കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്കിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചു. അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.വീനീതയുടെ നിയമനം 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ നിരസിച്ചു.

31.03.2019-ലെ ശ്രീ.നിസ്സാർ മുഹമ്മദിന്റെ വിരമിക്കൽ ഒഴിവിലാണ് ശ്രീമതി.വിനീത.എസ്.നെ യു.പി.എസ്.റ്റി ആയി 06.06.2019 മുതൽ മാനേജർ നിയമിച്ചത്. 08.03.2019-ലെ പൊതുവിദ്യാഭ്യാസ(ജെ)വകുപ്പിന്റെ ജെ2/57/2019/പൊ.വി.വ സർക്കാർ പരിപത്രത്തിന്റെ ഖണ്ഡിക (1) പ്രകാരം "കെ.ഇ.ആർ അദ്ധ്യയം X X I ചട്ടം 7 (2) പ്രകാരം 29.01.2016 മുതലുള്ള അധിക തസ്തികകളിലെ നിയമനങ്ങൾക്ക് 1:1 എന്ന അനുപാതം പാലിയ്ക്കേണ്ടതാണെന്നും ഇതിൽ ആദ്യത്തെ ഒഴിവ് സംരക്ഷിത അധ്യാപകന് വേണ്ടി നീക്കിവയ്ക്കേണ്ടതും കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 43, 51

A, 51 B, എന്നിവ പ്രകാരമുള്ള മുൻഗണനാവകാശികൾ ഉണ്ടെങ്കിൽ രാജി, മരണം, വിരമിക്കൽ, ട്രാൻസ്ഫർ, പ്രൊമോഷൻ തുടങ്ങിയ വ്യവസ്ഥാപിത ഒഴിവുകളിൽ നിയമിക്കപ്പെട്ടതിനു ശേഷം മാത്രമേ അധിക തസ്തികകളിൽ നിയമനം നടത്താവൂ എന്നും ഇപ്രകാരം നിയമനം നടത്തിയതിനുശേഷം വരുന്ന അധിക തസ്തികകളിലെ നിയമനങ്ങളിൽ 1 : 1 അനുപാതം പാലിയ്ക്കേണ്ടതാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത് ചട്ടപ്രകാരമുള്ള മുൻഗണന അവകാശികളെ ക്രമീകരിച്ചതിനു ശേഷമുണ്ടാകുന്ന സഞ്ചിത അധിക തസ്തികകളെയാണ് സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനുള്ള അധിക തസ്തികകളായി കണക്കാക്കാൻ കഴിയുന്നത്. പുറത്താകുന്ന ഒരു അധ്യാപകനെ മാതൃസ്കൂളിലെ അനുവദിക്കപ്പെട്ട തസ്തികയിലേക്ക് നിലനിർത്തുമ്പോൾ ആയതു ഒരു താൽകാലിക സംവിധാനമാണെന്നോ അതിനു ക്ലിപ്തമായ സമയപരിധിയുണ്ടെന്നോ അവരെ പിന്നീടുണ്ടാകുന്ന റഗുലർ ഒഴിവിലേയ്ക്ക് മാറ്റി നിയമിക്കണമെന്നോ യാതൊരു സർക്കാർ നിർദ്ദേശങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കപ്പെട്ടിട്ടില്ല, മേൽ സാഹചര്യത്തിൽ ശ്രുമതി.സിന്ധുവിന്റെ സ്ഥാനകയറ്റ ഒഴിവിൽ, അധിക തസ്തികയിൽ നിലനിർത്തിയിരുന്ന ശ്രീ.നിസാർ മുഹമ്മദിനെ മാറ്റി ക്രമീകരിച്ച നടപടിയും ശ്രീ.നിസാർ മുഹമ്മദിന്റെ വിരമിക്കൽ ഒഴിവിൽ ശ്രീമതി.ജയശ്രീയെ മാറ്റി ക്രമീകരിച്ച നടപടിയും നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് കാണുന്നുവെന്നാണ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചത്. മേൽ സാഹചര്യത്തിൽ 31.03.2019-ലെ നിസ്സാർ മുഹമ്മദിന്റെ വിരമിക്കൽ ഒഴിവിൽ മാനേജർ നിയമിച്ച ശ്രീമതി.വീനീത എസ്-ന്റെ 06.06.2019 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി പരിഗണനാർഹമാണെന്നും അറിയിച്ചു.

4) ഹർജിക്കാരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും വാദങ്ങൾ നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. കരുനാഗപ്പള്ളി ചങ്ങൻകുളങ്ങര എസ്.ആർ.വി.യു.പി.എസ്.ൽ 2016-2017 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അധികമായി അനുവദിക്കപ്പെട്ട തസ്തികകളിലും ഹെഡ് ടീച്ചർ ഒഴിവിലുമായാണ് മുൻ വർഷങ്ങളിൽ ടി സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് സംരക്ഷണാനുകൂല്യത്തിൽ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യസിച്ചിരുന്ന അധ്യാപകരായിരുന്ന ശ്രീ.നിസാർ മുഹമ്മദ്,യു.പി.എസ്.റ്റി, ശ്രീമതി.ഷീജ ഉമ്മൻ,എൽ.പി.എസ്.റ്റി, ശ്രീമതി.ജയശ്രീ,യു.പി.എസ്.റ്റി, ശ്രീ.കൃഷ്ണകുമാർ, യു.പി.എസ്.റ്റി, ശ്രീ.ബെന്നി എസ്., എൽ.പി.എസ്.റ്റി എന്നിവരെ തിരികെ വിളിച്ച് നിയമിച്ചത്. അധികതസ്തികയിൽ നിയമിച്ചിരുന്ന ശ്രീ.നിസാർ മുഹമ്മദിനെ 31/3/2018-ലുണ്ടായ സ്ഥാനക്കയറ്റ ഒഴിവിൽ മാറ്റിനിയമിക്കുകയും, ടിയാൻ 31/3/2019-ൽ റിട്ടയർ ചെയ്യുകയും ചെയ്തു. പ്രസ്തുത ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചതെന്ന് നിയമന ഉത്തരവിൽ നിന്നും വ്യക്തമാണ്. എന്നാൽ, പ്രസ്തുത ഒഴിവിലേയ്ക്ക് അധിക തസ്തികയിൽ നിലനിന്നിരുന്ന സീനിയർ യു.പി.എസ്.റ്റി ശ്രീമതി. ജയശ്രീയെ ക്രമപ്പെടുത്തി കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചു. 2017-ൽ അധിക തസ്തികയിൽ പുനപ്രവേശിപ്പിച്ച അദ്ധ്യാപികയെ 2019-ൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവിൽ മാറ്റി നിയമിക്കേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല. ജെ2/57/2019/പൊ.വി.വ സർക്കാർ പരിപത്രത്തിന്റെ ഖണ്ഡിക (1) പ്രകാരം "കെ.ഇ.ആർ അദ്ധ്യയം XXI ചട്ടം 7 (2) പ്രകാരം 29.01.2016 മുതലുള്ള അധിക തസ്തികകളിലെ നിയമനങ്ങൾക്ക് 1 : 1 എന്ന അനുപാതം

പാലിയ്ക്കേണ്ടതാണെന്നും, ഇതിൽ ആദ്യത്തെ ഒഴിവ് സംരക്ഷിത അധ്യാപകന് വേണ്ടി നീക്കിവയ്ക്കേണ്ടതും, കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 43, 51 A, 51 B, എന്നിവ പ്രകാരമുള്ള മുൻഗണനാവകാശികൾ ഉണ്ടെങ്കിൽ രാജി, മരണം, വിരമിക്കൽ, ട്രാൻസ്ഫർ, പ്രൊമോഷൻ തുടങ്ങിയ വ്യവസ്ഥാപിത ഒഴിവുകളിൽ നിയമിക്കപ്പെട്ടതിനു ശേഷം മാത്രമേ അധിക തസ്തികകളിൽ നിയമനം നടത്താവൂ എന്നും, ഇപ്രകാരം നിയമനം നടത്തിയതിനുശേഷം വരുന്ന അധിക തസ്തികകളിലെ നിയമനങ്ങളിൽ 1 : 1 അനുപാതം പാലിയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത് ചട്ടപ്രകാരമുള്ള മുൻഗണന അവകാശികളെ ക്രമീകരിച്ചതിനു ശേഷമുണ്ടാകുന്ന സഞ്ചിത അധിക തസ്തികകളെയാണ് സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനുള്ള അധിക തസ്തികകളായി കണക്കാക്കാൻ കഴിയുന്നത്. പുറത്താകുന്ന ഒരു അധ്യാപകനെ മാതൃസ്കൂളിലെ അനുവദിക്കപ്പെട്ട തസ്തികയിലേക്ക് നിലനിർത്തുമ്പോൾ ആയത് ഒരു താൽകാലിക സംവിധാനമാണെന്നോ, അതിന് ക്ലിപ്തമായ സമയപരിധിയുണ്ടെന്നോ, അവരെ പിന്നീടുണ്ടാകുന്ന റഗുലർ ഒഴിവിലേയ്ക്ക് മാറ്റി നിയമിക്കണമെന്നോ യാതൊരു സർക്കാർ നിർദ്ദേശങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇവിടെ റഗുലർ തസ്തികയിലും അധികതസ്തികയിലും ഒരേ സമയത്തല്ല ഒഴിവുണ്ടായിട്ടുള്ളത്. അപ്രകാരമാണെങ്കിൽ മാത്രമേ റഗുലർ തസ്തികയിൽ ആദ്യം ക്രമീകരിച്ചതിനുശേഷം അധികതസ്തികയിൽ ക്രമീകരിക്കേണ്ടതുള്ളൂ.

5) മേൽ സാഹചര്യത്തിൽ, 31.03.2019-ലെ നിസ്സാർ മുഹമ്മദിന്റെ വിരമിക്കൽ ഒഴിവിൽ മാനേജർ നിയമിച്ച ശ്രീമതി.വീനീത.എസ്-ന്റെ 06.06.2019 മുതലുള്ള നിയമനം, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിലും ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട 10/8/2022ലെ W.P(C) No.19808/2021 കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ ഭിന്നശേഷിസംവരണം പാലിച്ച് നിയമനം നൽകിയശേഷവും ടി ഒഴിവ് നിലനിൽക്കുന്ന പക്ഷം അംഗീകരിക്കുന്നതിന് കരുനാഗപ്പള്ളി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി സർക്കാർ മുൻപാകെ സമർപ്പിച്ച എക്സിബിറ്റ്.പി 6 ഹർ ജി തീർ പ്പാക്കി പരാമർ ശം (2) ലെ ബഹ : ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കരുനാഗപ്പള്ളി

ശ്രീമതി എസ് വിനീത , യു പി എസ് ടി , SRV UPS ചങ്ങൻകുളങ്ങര , കരുനാഗപ്പള്ളി, കൊല്ലം

മാനേജർ, SRV UPS ചങ്ങൻകുളങ്ങര , കരുനാഗപ്പള്ളി, കൊല്ലം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 03-10-2022 11:50:47**
സെക്ഷൻ ഓഫീസർ